(7 pages) **Reg. No. : ..............................**

**Code No. : 20011** **Sub. Code : R 1 MY 11/ B 1 MY 11**

U.G. (CBCS) DEGREE EXAMINATION, NOVEMBER 2012.

First Semester

Part I — Malayalam

Paper I — KAVITHA

(For those who joined in July 2008 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

1. തുള്ളലുകളിൽ കൂടുതലായി ഉപയോഗിച്ചിട്ടുള്ള വൃത്തം

   (a) നതോന്നത (b) മഞ്ജരി

   (c) കേക (d) തരംഗിണി

2. 'ഗണപതിപ്രാത'ലിന്റെ ആരംഭത്തിൽ കുഞ്ചൻ നമ്പ്യാർ ഏതു രാജാവിനെയാണ് സ്തുതിക്കുന്നത്?

   (a) ദേവനാരായണനെ (b) മാർത്താണ്ഡവർമ്മയെ

   (c) സ്വാതിതിരുനാളിനെ (d) മാനദേവനെ

3. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?

   (a) ചിത്രയോഗം (b) ആര്യാമൃതം

   (c) നളോദയം (d) ഉമാകേരളം

4. 'തുമ്പപ്പൂവ്' എന്ന കവിത ഏത് സമാഹാരത്തിലാണ് ഉൾപ്പെടുന്നത്?

   (a) കിരണാവലി (b) താരഹാരം

   (c) തരംഗിണി (d) മംഗളമഞ്ജരി

5. 'നിളാതീരത്തു വീണ്ടും' എന്ന കവിതയിൽ പ്രകടമാകുന്ന മനോവികാരം എന്താണ്?

   (a) പ്രണയം (b) പ്രതികാരം

   (c) ഗൃഹാതുരത്വം (d) ദേശഭക്തി

6. ഒ.എൻ.വി. കുറുപ്പ് എഴുതിയ ഖണ്ഡകാവ്യം ഏത്?

   (a) അഗ്നിശലഭങ്ങൾ

   (b) ദാഹിക്കുന്ന പാനപാത്രം

   (c) നീലക്കണ്ണുകൾ

   (d) ഉപ്പ്

7. വിഷ്ണുനാരായണൻ നമ്പൂതിരിക്ക് കേരള സാഹിത്യ അക്കാഡമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?

(a) ആരണ്യകം (b) ഇൻഡ്യ എന്ന വികാരം

(c) മുഖമെവിടെ (d) ഭൂമിഗീതങ്ങൾ

8. 'തെങ്ങുകളുടെ വിഡ്ഢിത്തം' എന്ന കവിത ഏത് സമാഹാരത്തിൽനിന്നെടുത്തതാണ്?

(a) സ്വരരാഗസുധ

(b) സ്പന്ദിക്കുന്ന അസ്ഥിമാടം

(c) സങ്കല്പകാന്തി

(d) പാടുന്ന പിശാച്

9. ആരുടെ മരണത്തിൽ ദുഃഖിച്ചുകൊണ്ടാണ് കുമാരനാശാൻ 'പ്രരോദനം' എന്ന വിലാപകാവ്യം എഴുതിയത്?

(a) കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ

(b) ഏ.ആർ. രാജരാജവർമ്മയുടെ

(c) ശ്രീനാരായണഗുരുവിന്റെ

(d) സഹോദരൻ അയ്യപ്പന്റെ



10. 'വിപ്ലവത്തിന്റെ ശുക്രനക്ഷത്ര'മെന്ന് കുമാരനാശാനെ വിശേഷിപ്പിച്ചതാര്?

(a) ജോസഫ് മുണ്ടശ്ശേരി

(b) സുകുമാർ അഴീക്കോട്

(c) ഇ.എം.എസ്. നമ്പൂതിരിപ്പാട്

(d) തായാട്ട് ശങ്കരൻ

## PART B — (5 × 5 = 25 marks)

രണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

11. (a) "നൂറ്റുവർ മൂത്തവനായ സുയോധ-

നാറ്ററുതാത്ത ദുഃഖം പൂണ്ടതുനേരം"

- ഏതു നേരത്ത്? എന്തുകൊണ്ട്?

അല്ലെങ്കിൽ

(b) "അശനമതിലൊരുവനിലുമഴകിനൊടു വച്ചുകൊ-

ണ്ടൊന്നും കൊടുക്കാതയയ്ക്കുക യോഗ്യമോ"

- ആരാണ് ഇങ്ങനെ ചോദിക്കുന്നത്? ഏതു സന്ദർഭത്തിൽ? വ്യക്തമാക്കുക.

12. (a) ''കഷ്ട,മീ ബ്രഹ്മജ്ഞൻതൻസമദൃക്ജ്യോതിസ്സിലും
തട്ടിയോ, തവ നിഴൽ പാണ്ഡിത്യക്കെടുഗർവേ''
- ഇങ്ങനെ സന്ദേഹിക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നു?

അല്ലെങ്കിൽ

(b) ''അന്തകൻ വന്തിരുക്കയിലേ
അരുമറയോർ എതിരേ വന്താൻ''
- ഈ വരികളിൽ പ്രതിഫലിക്കുന്ന വിശ്വാസത്തെക്കുറിച്ച് വിശദീകരിക്കുക.

13. (a) ''എത്ര നിർവികാരമി-
പ്പുതുതാം തലമുറ''
- കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) ''പ്രീതിയുൾച്ചേർന്നോതുകയായ്പ്പിന്നെയു
മാക്കല്പ-
പാദപങ്ങൾ, ശോഭിതാഭിമാനവേപിതങ്ങൾ''
- കല്പവൃക്ഷങ്ങൾ പറഞ്ഞതെന്താണ്?

14. (a) ''ഇല്ലൊരു വേള
നിളയതറിഞ്ഞിരിക്കില്ല''
- നിളാനദി അറിഞ്ഞിരിക്കില്ല എന്ന് കവി സൂചിപ്പിക്കുന്നത് എന്തിനെക്കുറിച്ചാണ്?

അല്ലെങ്കിൽ

(b) ''ട്രാൻസിസ്റ്ററുച്ചം പാടിച്ചോതിനാൻ'' - ആര്? എന്താണ് പറഞ്ഞത്?



15. (a) വാസവദത്തയുടെ ഇരിപ്പിനെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ''കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ-
യതിമാത്രമിരുൾ തങ്ങുമന്ധകൂപത്തിൽ''
- ഈ സാമാന്യ പ്രസ്താവനയുടെ പൊരുളെന്ത്?

PART C — (5 × 8 = 40 marks)

നാലു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

16. (a) യുദ്ധവർണ്ണനകളിലൂടെ വീരരസം ആവിഷ്ക്കരിക്കുന്നതിൽ എഴുത്തച്ഛന് അനിതരസാധാരണമായ പാടവുമുണ്ട്. - 'രാത്രിയുദ്ധ'ത്തെ അടിസ്ഥാനമാക്കി നിരൂപിക്കുക.

അല്ലെങ്കിൽ

(b) ഗണപതിയുടെ അഹങ്കാരം കുബേരൻ ശമിപ്പിച്ചത് എങ്ങനെയെന്ന് വിശദീകരിക്കുക.

17. (a) വിലാപത്തിന്റെ തീവ്രത 'മാതൃവിലാപ'ത്തിൽ എത്രത്തോളം അനുഭവപ്പെടുന്നുണ്ടെന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) ഉള്ളൂരിന്റെ ലോകനിരീക്ഷണപാടവവും ഇതിഹാസ പുരാണങ്ങളിലുള്ള വ്യുത്പത്തിയും വെളിപ്പെടുത്തുന്ന കവിതയാണ് ''തുമ്പപ്പൂവ്'' - നിരൂപിക്കുക.

18. (a) ദാമ്പത്യജീവിതത്തിലെ സ്വരച്ചേർച്ചയില്ലായ്മ 'കണ്ണീർപ്പാട'ത്തിൽ കവി എങ്ങനെ അവതരിപ്പിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) 'തെണ്ടുകളുടെ വിഡ്ഢിത്തം' എന്ന കവിതയുടെ പ്രമേയം വിശകലനം ചെയ്ത് അതിലെ ചരിത്രവസ്തുതകൾ കണ്ടെത്തുക.

19. (a) കുടുംബബന്ധങ്ങളിലെ ലോലഭാവങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ ഒ.എൻ.വി. കുറുപ്പിന് സവിശേഷമായ പാടവമുണ്ട്. - 'നിളാതീരത്ത് വീണ്ടും' എന്ന കവിതയെ മുൻനിർത്തി സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) പുരാണകഥകളുടെ പുനരാഖ്യാനം എന്ന നിലയിൽ 'ഉർവ്വശീനൃത്തം' എന്ന കവിതയെ വിലയിരുത്തുക.

20. (a) കരുണക്കടലിൽ മുങ്ങിത്തപ്പിയെടുത്ത മുക്താഫല മത്രെ 'കരുണ' എന്ന ഖണ്ഡകാവ്യം - പരിചിന്തിക്കുക.

അല്ലെങ്കിൽ

(b) 'കരുണ'യിലെ വാസവദത്തയുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്യുക.

---